**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7931

**16.07.2014-** ൽ മറുപടിക്ക്

<u>പയ്യന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ അന്നൂർ സായാഹ്ന ശാഖ നിലവിലുള്ള കെട്ടിടത്തിൽ നിന്നും മാറ്റാൻ അനുമതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. സി. കൃഷ്ണൻ : | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) പയ്യന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ [നമ്പർ എഫ് 1401] അന്നൂർ സായാഹ്ന ശാഖ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽനിന്നും മാറ്റുന്നതിനു വേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ; | (എ) അപേക്ഷ കണ്ണൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന് ലഭിച്ചിട്ടുണ്ട്. |
| ബി) അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;<br><br>സി) 1-8-2012-ന് കണ്ണൂർ സഹകരണ ജോയിന്റ് രജിസ്ട്രാർ മുഖേന നൽകിയ അപേക്ഷയിൽ രണ്ട് വർഷമാകാറായിട്ടും അനുമതി നൽകി ഉത്തരവുണ്ടാകാതിരിക്കാനുള്ള കാരണം വിശദമാക്കുമോ; | (ബി) യും (സി) യും 26.11.2010 ലെ ഉത്തരവ് പ്രകാരം, സായാഹ്ന ശാഖ അനുവദിക്കുന്നതിന് അനുവാദം നൽകിയിരുന്നുവെങ്കിലും അസിസ്റ്റന്റ് രജിസ്ട്രാരുടെ പരിശോധനയിൽ ജോയിന്റ് രജിസ്ട്രാർ അനുമതി നൽകിയ കെട്ടിടത്തിൽ സായാഹ്ന ശാഖ മാറ്റാതെ സാധാരണ ശാഖ പ്രവർത്തിക്കുന്ന സ്ഥലത്ത് തന്നെ സായാഹ്ന ശാഖയും പ്രവർത്തിക്കുന്നതായി കണ്ടെത്തുകയും തുടർന്ന് അസിസ്റ്റന്റ് രജിസ്ട്രാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സായാഹ്നശാഖ ഇപ്പോൾ ജോയിന്റ് രജിസ്ട്രാർ അംഗീകരിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ കേരള സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തിൽ ബാങ്കിന്റെ പൊതു ഫണ്ട് 3,48,045/- രൂപ ശാഖ മാറ്റുന്നതിനായി മറ്റൊരു കെട്ടിടത്തിൽ ചെലവഴിച്ചതായി കണ്ടെത്തുകയും, ഈ കെട്ടിടത്തിലേയ്ക്ക് സായാഹ്നശാഖ മാറ്റുന്നതിന് ബാങ്ക് ഭരണ സമിതി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, ടി അന്വേഷണ റിപ്പോർട്ടിന്മേൽ ജോയിന്റ് രജിസ്ട്രാർ ബാങ്കിനോട് ആവശ്യപ്പെട്ട വിശദീകരണം ഇനിയും സമർപ്പിക്കാത്തതിനാലുമാണ് ബാങ്കിന്റെ അപേക്ഷയ്ക്ക് ജോയിന്റ് രജിസ്ട്രാർ (ജനറൽ) അനുമതി നൽകി ഉത്തരവാകാത്തത്. |
| ഡി) ശാഖ നിലവിലുള്ള കെട്ടിടത്തിൽനിന്ന് മാറ്റാനുള്ള അനുമതി എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) ജോയിന്റ് രജിസ്ട്രാർക്ക് ബാങ്ക് വിശദീകരണം നൽകുന്ന മുറയ്ക്ക് ബാങ്കിന്റെ അപേക്ഷ പരിശോധിച്ച് ജോയിന്റ് രജിസ്ട്രാർ തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**